# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 48 — 28-02-2017 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി.ടി.എ. റഹീം**<br>" **ജെയിംസ് മാത്യു**<br>" **ആർ.രാജേഷ്**<br>" **ഐ.ബി.സതീഷ്** | **ഡോ.റ്റി.എം.തോമസ് ഐസക്**<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### കേന്ദ്ര ബജറ്റിലെ പദ്ധതികൾ

| | | |
| --- | --- | --- |
| (എ) | റെയിൽവേ, എയിംസ് ഉൾപ്പെടെയുള്ള ഏതൊക്കെ പ്രധാന വികസനാവശ്യങ്ങളാണ് കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ; | റെയിൽവേ, എയിംസ്, ഫാക്ടിന്റെ പുനരുജ്ജീവനം ഉൾപ്പെടെ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രധാന പദ്ധതികളും ആവശ്യങ്ങളും അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്രത്തിന് യഥാസമയം സമർപ്പിച്ചിരുന്നുവെങ്കിലും ഇതിന് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല. ഈ വിഷയങ്ങൾ വിവിധ ഘട്ടങ്ങളിലായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അതിൽ ഏതൊക്കെ പദ്ധതികൾ പരിഗണിച്ചു എന്നും ബജറ്റിൽ എത്ര തുക നിർദ്ദേശിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | |
| (സി) | എയിംസ് ഉൾപ്പെടെയുള്ള അടിയന്തരാവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഇനി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | കോഴിക്കോട് ജില്ലയിലെ കിനാലൂർ, തിരുവനന്തപുരം ജില്ലയിലുള്ള നെട്ടുകാൽത്തേരി, കോട്ടയം മെഡിക്കൽ കോളേജ് കാമ്പസ്, എറണാകുളം ജില്ലയിലെ കളമശ്ശേരി, എന്നിവിടങ്ങളിൽ എയിംസ് (AIIMS) സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിന്റെ പരിഗണനയ്ക്കും അനന്തര നടപടികൾക്കുമായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ സുപ്രധാന ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും വേണ്ട നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

സംസ്ഥാനത്തിന്റെ കടബാധ്യത നിയന്ത്രിക്കുന്നതിനും നിവാരണത്തിനും ആവശ്യമായ നടപടി സ്വീകരിക്കൽ.

- തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കൽ.

- തിരുവനന്തപുരത്ത് പ്ലാസ്റ്റിക്ക് പാർക്ക് സ്ഥാപിക്കൽ.
- കൊച്ചിയിൽ ഫാർമ പാർക്ക് സ്ഥാപിക്കൽ.
- കൊച്ചിയിൽ പെട്രോ-കെമിക്കൽ പാർക്ക് സ്ഥാപിക്കൽ.
- ഫാക്ട് (FACT)നെ ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി ഫലപ്രദവും ചെലവു കുറഞ്ഞതുമായ യൂറിയ പ്ലാന്റ് സ്ഥാപിക്കൽ.
- കൊച്ചിയിൽ HOCL (Hindustan Organic Chemicals Limited) യൂണിറ്റ് നിർത്തലാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കൽ
- ഡിജിറ്റൽ ലിറ്ററസി ക്യാമ്പയിൻ, സ്ക്കൂളുകളിലെ ഇലക്ട്രോണിക് ആന്റ് ഐ.റ്റി ഇന്നവേഷൻ ലബോറട്ടറികൾ എന്നിവയ്ക്കു വേണ്ടുന്ന കേന്ദ്ര സഹായത്തിനുള്ള നിർദ്ദേശം.
- ധന ഉത്തരവാദിത്ത ബജറ്റ് മാനേജ്മെന്റ് ആക്റ്റ് ഭേദഗതി ചെയ്തു കൊണ്ട് വായ്പാ പരിധി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ നിലവിലെ 3 ശതമാനത്തിൽ നിന്നും 4 ശതമാനമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കൽ.
- നോട്ട് അസാധുവാക്കലിന്റെ ഫലമായി മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ വളർച്ചയിൽ ഉണ്ടായ മുരടിപ്പ് കണക്കിലെടുത്ത് കൊണ്ട് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ പദ്ധതികളുടെ നിക്ഷേപത്തിനായി ഒരു സാമ്പത്തിക ഉദ്ദീപന പാക്കേജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (MGNREG) പദ്ധതിക്കായുള്ള വിഹിതം 100 പ്രവൃത്തി ദിനങ്ങളിലേക്ക് ഉയർത്തുന്നതിനുള്ള നടപടി കൈകൊള്ളൽ.
- നോട്ട് അസാധുവാക്കലിന്റെ ഫലമായി സംസ്ഥാനത്തിന്റെ അസംഘടിത സഹകരണ മേഖലകളിൽ ഉണ്ടായ തളർച്ചയെ നേരിടുന്നതിനും പ്രസ്തുത മേഖലകളെ സാധാരണ ഗതിയിലാക്കുന്നതിനുമുള്ള നടപടി കൈക്കൊള്ളൽ.
- റബ്ബർ കർഷകർക്ക് മിനിമം താങ്ങുവില ഉറപ്പാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന റബ്ബർ വില സ്ഥിരത പദ്ധതിയ്ക്ക് വേണ്ടുന്ന കേന്ദ്ര സഹായത്തിനുള്ള നിർദ്ദേശം.
- കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്ത് നടപ്പിലാക്കുന്ന മറ്റ് കേന്ദ്രസഹായ പദ്ധതികൾ എന്നിവയ്ക്കുള്ള കേന്ദ്രവിഹിതം സമയബന്ധിതമായി അനുവദിക്കുന്നതിനും പ്രസ്തുത പദ്ധതികളിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ ലഘൂകരിക്കുന്നതിനുമായുള്ള നടപടി സ്വീകരിക്കൽ.

സെക്ഷൻ ഓഫീസർ